# മഴ



## Editorial Board

**Chief editor**

Jeffin Jemini

**Associate Editors**

Rocky Jaimon
Aleesha Ajeesh
Varghese Mathews
Varghese Sajan
Jia Elizabeth Jaison


**St.Xavier’s VHSS Kuruppanthara**



# എന്റെ ചങ്ങാതി ആയ മഴ

മഴയെപ്പറ്റി പറയാനാണെങ്കിൽ ഒത്തിരി ഉണ്ട്. ഒരു പ്രത്യേകതരം അനുഭൂതിയാണ് അത് എങ്ങനെ വിവരിക്കണം എന്ന് അറിയില്ല. നമ്മുടെ ചുറ്റുപാടുകൾ എല്ലാം ഇരുളും മഴയുടേത് മാത്രമായ ശബ്ദത്തിൽ ലയിക്കും. ഒരു പ്രത്യേകതരം കുളിര് നമ്മളെ പൊതിയും മഴ ചിലപ്പോഴൊക്കെ ഒരു സംഗീതമായി എനിക്ക് തോന്നാറുണ്ട്. മഴയത്ത് കൂടി ഓടാൻ എനിക്ക്

ഭയങ്കര ഇഷ്ടമാണ്.എൻറെ ആഗ്രഹം അത് എങ്ങനെയെങ്കിലും നടക്കണം എന്നതായിരുന്നു. അങ്ങനെ ഒരിക്കൽ സ്കൂൾ ഒക്കെ വിട്ട് സ്കൂൾ ഒക്കെ വിട്ടു സ്കൂൾ ബസ്സിലായിരുന്നപ്പോൾ പെട്ടെന്ന് ഒരു മഴ.നല്ല കാറ്റും, എന്റെ സ്റ്റോപ്പ് എത്താറായപ്പോൾ മഴ കൂടി വന്നു. ഞാൻ ആ മഴ ആസ്വദിച്ചു കൊണ്ടിരിക്കുകയായിരുന്നു. എൻറെ സ്റ്റോപ്പ് എത്തി ഇനി അവിടുന്ന് കുറച്ച് താഴത്തേക്ക് നടക്കണം. ആന്റി പറഞ്ഞു മഴ കുറഞ്ഞിട്ട് നടന്നാൽ മതി എന്ന്. പക്ഷേ എനിക്ക് മഴയത്ത് കൂടി നടക്കാൻ കൊതിയായി .എൻറെ ആഗ്രഹത്തിന്റെ പുറത്ത് ആ മഴയത്ത് കൂടി ഞാൻ ഒരു ഓട്ടം .പക്ഷേ അന്ന് നല്ല രസമായിരുന്നു എൻറെ ചെരുപ്പൊക്കെ തെറിച്ചു പോയി. വീട്ടിലെത്തിയപ്പോഴേക്കും ബാഗും യൂണിഫോമും എല്ലാം നനഞ്ഞു , ചേട്ടായിയുടെ കയ്യിൽ നിന്ന് കുറച്ചു വഴക്കൊക്കെ കിട്ടി.മഴ അതൊരു പ്രത്യേകതരം ഫീലാണ്. ഒരു ഗുഡ് ഫീലിംഗ്. എൻറെ ജീവിതത്തിലെ രസകരമായ ഒരു അനുഭവമായിരുന്നു അത്.

**By,**
**Merin Mary Sebastian**

# എന്റെ മഴ



ഞാൻ ഒത്തിരി മഴ നനഞ്ഞ ആളല്ല. മഴ നനയുന്നതിന് പകരം മഴയുടെ സൗന്ദര്യം ആസ്വദിക്കാൻ ആണ് എനിക്ക് ഏറെ ഇഷ്ടം. മഴ എല്ലാവരുടെയും ജീവിതത്തിൽ വ്യത്യസ്തമായ അനുഭവങ്ങൾ സമ്മാനിക്കുന്നതായിരിക്കും . എനിക്ക് സ്കൂളിൽ ഇരുന്ന് മഴ കാണാൻ നല്ല രസമാണ്. ഉണങ്ങിക്കിടക്കുന്ന മണ്ണിലേക്ക് മഴത്തുള്ളികൾ വീഴുമ്പോൾ ഉണ്ടാകുന്ന ഗന്ധം എനിക്ക് വളരെ പ്രിയപ്പെട്ടതാണ് .ഇനി ഞാൻ എൻറെ ജീവിതത്തിൽ ഉണ്ടായ മഴ അനുഭവം ആണ് പറയുന്നത് ,ഞാനും എൻറെ

ചേച്ചിയും കൂടെ ഒരുമിച്ച് മഴ നനഞ്ഞത് എനിക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു അനുഭവമാണ്. മഴ നനഞ്ഞ് പനിപിടിച്ച കിടന്നപ്പോൾ അമ്മ അന്ന് പറഞ്ഞ വഴക്കും എനിക്കും ചേച്ചിക്കും മറക്കാൻ കഴിയാത്തതാണ് .ഇതുപോലൊരു മഴ അനുഭവം എനിക്ക് ഇതുവരെ ഉണ്ടായിട്ടില്ല. ചില സമയത്ത് മഴ നമ്മുടെ മനസ്സിന് ആനന്ദമേകുന്നതിന് പകരം വേദനകൾ നൽകുന്ന സങ്കട മഴയായി മാറിയിട്ടും ഉണ്ട്. അതുകൊണ്ടുതന്നെ ഏവർക്കും മഴ ഒരു മായാത്ത ഓർമ്മയാണ്. മഴയത്ത് കുടയില്ലാതെ  വെറുതെ നടക്കാൻ എനിക്ക് ഇഷ്ടമാണ്. എന്നാലും എനിക്ക് മഴ എപ്പോഴും പുതുമയുള്ള ഒരു  അനുഭവമാണ് സമ്മാനിക്കുന്നത്.

**By,**
**Merin Bino**

# മഴ എന്ന വികാരം



ഒരു അസ്തമയ സമയമായിരുന്നു അത്.ഞാൻ വീട്ടിൽ വരാന്തയിൽ ഇരിക്കുകയായിരുന്നു  പെട്ടെന്നായിരുന്നു മഴയുടെ വരവ് .ആകാശത്തുനിന്ന് മേഘം വിതുമ്പി കരയുന്ന പോലെ തോന്നി. നല്ല രസമായിരുന്നു ആ കാഴ്ച .എനിക്ക് മഴ കണ്ടാൽ തന്നെ ഇറങ്ങി രസിക്കാനുള്ള തോന്നലുകൾ ഉണ്ടാകും .ഞാൻ അതിൽ ആഹ്ലാദിച്ച് സന്തോഷം കണ്ടെത്തുകയും ചെയ്യും .മഴയത്ത് ഒരു കട്ടൻ ചായ കുടിക്കുന്നത് വല്ലാത്തൊരു കുളിർമ നമ്മുടെ മനസ്സിൽ നൽകും. എനിക്ക് ഏറ്റവും ഇഷ്ടമുള്ളത് മഴ നനയുക എന്നതാണ് ഞാൻ അതിലാണ് കൂടുതൽ സന്തോഷം കണ്ടെത്തുന്നത്. ഞാനെൻറെ ചേട്ടനെയും  കൂട്ടിയാണ് മഴയത്ത് കളിക്കുന്നത് മഴയത്ത് കളിക്കുന്നത് . മഴയത്ത് ഞാൻ കയ്യിൽ മഴവെള്ളം പിടിച്ചു തട്ടി കളിക്കും . മഴ വീടിൻറെ മേൽക്കൂരയിലൂടെ ഒഴുകി ഇറങ്ങുന്നത് കാണുവാൻ വല്ലാത്തൊരു രസമാണ് . ഇതാണ് എൻറെ മഴ അനുഭവം . മഴയെന്നാൽ എന്റെ ഒരു വികാരമാണ് . മഴയിൽ സന്തോഷിച്ച ഞാൻ ഇനിയും ആഹ്ലാദം കണ്ടെത്തുകയും ചെയ്യും.

**By,**
**Femi Shaji**



# മഴക്കാലം

എനിക്ക് മഴ വളരെയധികം ഇഷ്ടമാണ് .ആദ്യത്തെ മഴ പെയ്യുമ്പോഴുള്ള മണ്ണിൻറെ മണം ഒരു അനുഭൂതിയാണ് നൽകുന്നത്. സ്കൂൾ സമയത്ത് മഴക്കാലം എല്ലാം ഒരു പ്രത്യേകതരം അനുഭൂതിയാണ് നൽകുന്നത്. വീട്ടിൽനിന്ന് ഇറങ്ങുന്ന സമയം മുതൽ വൈകുന്നേരം വരെ ഒരേ ഒരു മഴയാണ് ,രാവിലെ വീട്ടിൽ നിന്നിറങ്ങി യൂണിഫോം നനയാതെ സ്കൂളിലേക്ക് പോകും. കുറച്ചൊക്കെ നനയും. സ്കൂളിൽ നിന്ന് തിരിച്ച പോകുമ്പോൾ കൂട്ടുകാരോടൊത്തു വെള്ളത്തിൽ ചാടി കളിക്കും. രസകരമായ ഒരു മഴക്കാലമായിരുന്നു അത് .മഴപെയ്യുമ്പോൾ ഉള്ള കാറ്റും മഴയും മഴയെ ചെറിയ രീതിയിൽ എങ്കിലും ഭയാനകമാക്കുന്നു . അമ്മമാർ അലക്കിയ തുണിയും എടുക്കാൻ പോകുന്നത് നോക്കി ഞാൻ ഇരിക്കും. മഴയത്ത് രാത്രി കറണ്ട് പോകും .വീട്ടുകാരെല്ലാവരും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുകയും അന്താക്ഷരി കളിക്കുകയും ചെയ്യും . ഇതൊക്കെ ഒരു വല്ലാത്ത അനുഭവമാണ് എനിക്ക്. മഴ സമയത്ത് തോടൊക്കെ നിറയുമ്പോൾ ഞങ്ങൾ കുളിക്കാനും മീൻ പിടിക്കാനും ഇറങ്ങും. എൻറെ വീടിന് അടുത്തുള്ള തോട്ടിൽ മഴക്കാലത്ത് വെള്ളം നിറയും അപ്പോൾ വരുന്ന അതിലൂടെ ഒഴുകി വരുന്ന തേങ്ങ വിറക് പോലുള്ള സാധനങ്ങൾ ഒഴുകിപ്പോകും, അടുത്തുള്ള വീടുകളിൽ

വെള്ളം കയറും തുടർന്ന് ഞങ്ങൾ അവരെ മറ്റു വീടുകളിലേക്ക് മാറ്റി താമസിപ്പിക്കും. ഇതൊക്കെയാണ് എൻറെ രസകരമായ മഴ അനുഭവങ്ങൾ.

**By,**
**Ananya Aji**





# മഴ

മഴ പ്രകൃതിയുടെ വരദാനമാണ് . മഴയത്ത് ഒരു ദിവസമെങ്കിൽ ഒരു ദിവസം നന്നായി നയുക എൻറെ ആഗ്രഹമായിരുന്നു. എൻറെ അഞ്ചാം ക്ലാസ് ജീവിതത്തിനിടയിൽ ആണ് സംഭവം. പുതിയ സ്കൂളിൽ പോകുവാൻ പുത്തൻ ഉടുപ്പും കുടെയും ബാഗുമായി ഞാൻ റെഡിയായി നിന്നു. പുത്തൻകുട പുതിയ കൂട്ടിൽ തന്നെ എടുത്തുവെക്കാൻ മറന്നു. സ്കൂളിൽ പുതിയ കുട്ടികൾക്ക് പ്രവേശനോത്സവം ഉണ്ടായിരുന്നു അതിഗംഭീരമായ ഒരു പാടത്തിന്റെ കരയിലൂടെയാണ് വീട്ടിലെത്തേണ്ടത് .പ്രവേശനോത്സവത്തിന് ശേഷം ഞങ്ങൾ പിരിഞ്ഞു ഇടവപ്പാതയിലെ മഴ നനയിക അതും അച്ഛനും അമ്മയും ഒന്നുമറിയാതെ എന്റെ സ്വപ്നമായിരുന്നു. മഴ ആരംഭിച്ചു  കൂട്ടുകാർ കുട വാഗ്ദാനം ചെയ്തെങ്കിൽ ഞാൻ അത് തിരസ്കരിച്ചു .മഴ നല്ലതുപോലെ നനഞ്ഞു. ടാറിടാത്ത വെള്ളത്തിൽ കാൽ നനച്ചു പുത്തൻ ഉടുപ്പ് ആകെ നനഞ്ഞു ചെളി തെറിപ്പിച്ച് ഞാൻ മഴയെ സ്വാഗതം ചെയ്യുന്നു കണ്ടെത്തി ചെരുവിൽ കൊച്ചു തോട്ടിൽ ഞാൻ ഇറങ്ങിയും മിന്നലും ഒന്നും എൻറെ ഹൃദയത്തിൽ തൊട്ട ആ മഴ അനുഭവത്തെ പിടിച്ചെടുത്തില്ല .വീട്ടിൽ ചെല്ലുമ്പോൾ കിട്ടാൻ പോകുന്ന വഴക്കും ഞാൻ മറന്നു. ആ വക്കൽ മഴയിൽ ഞാൻ നടന്നു പിടിച്ചുവലിച്ചില്ല വീട്ടുചെല്ലുമ്പോൾ കിട്ടാൻ പോകുന്ന വഴക്കും ഞാൻ മറന്നു .ആ വക്കിൽ മഴ  ഞാൻ നടന്നു....

By

**Seyona vigy.**

# എൻറെ മഴ അനുഭവം

കഴിഞ്ഞ അവധിക്കാലത്ത് ഞാൻ വീടിൻറെ വരാന്തയിൽ ഇരിക്കുകയായിരുന്നു വലിയ മഴ പെയ്തു. എൻറെ മനസ്സിൽ കുളിർമ വന്നു. മഴയെ കണ്ട് മനസ്സിൽ പല ആലോചനകളും വരും .കറുത്ത കരയാൻ പോകുന്ന ആകാശത്ത് കാണാൻ നല്ല ഭംഗിയാണ് .അങ്ങനെ ഒരു മഴക്കാണ് ഞാൻ എഴുന്നേറ്റത് വെളിയിൽ നല്ല മഴ വീടിനകത്ത് നല്ല  നല്ല തണുപ്പ്.  മഴ പെയ്യുമ്പോൾ എനിക്ക് പുസ്തകം വായിക്കാൻ ഇഷ്ടമാണ് .അന്ന് വായിച്ചത് കുമാരനാശാൻറെ പുസ്തകമാണ്. ഇടിമിന്നൽ വരുമ്പോൾ ഞാൻ പേടിക്കും. മഴകാലത്ത് പുറത്ത് ഇരുന്ന് നല്ല കട്ടൻ ചായയും കുടിച്ച് എന്തെങ്കിലും ആലോചിച്ച് ഇരിക്കും .വരണ്ട കിടക്കുന്ന തരിശുഭൂമിയിലേക്ക് മഴ വന്ന് മണ്ണിനെ തൊടുമ്പോൾ അവിടെ മണ്ണിൻറെ മണ സമയത്ത് നല്ല മഴയാണ്. മഴയത്ത് കുടയില്ലാതെ മഴയെത്തും  കൂടെ നടക്കാൻ എനിക്ക് വളരെ ഇഷ്ടമാണ് വെയിലും കൊണ്ട് വരണ്ട ഭൂമിക്ക് പച്ചപ്പ് നൽകാൻ മഴയ്ക്ക് മാത്രമേ കഴിയൂ .മഴത്തുള്ളിയെ തൊടുമ്പോൾ നേരിയ ഒരു തണുപ്പ് തോന്നിയിട്ടുണ്ട് .  മഴ പലതാണ് വേനൽ മഴ കാലവർഷം എടവപ്പാതി കഠിനമായി ചൂടിനു പെയ്യുന്ന മഴയാണ് വേനൽമല തുലാവർഷം എന്നു പറയുന്നത് കാലവർഷത്തിനുശേഷം പെയ്യുന്ന മഴയാണ് കാലവർഷം ജനുവരി ഫെബ്രുവരി മാസത്തിൽ പെയ്യുന്ന മഴയാണ് നമ്മളെ നല്ല മനസ്സിന്റെ ഉടമാക്കിയ വർഷമാണ് 2018 നമുക്ക് മറക്കാൻ പറ്റില്ല.  നമ്മുടെ ഉള്ളിലെ മനുഷ്യത്വമുണർത്തിയ നാളുകൾ കണ്ണ് നിറയ്ക്കുന്നതാണ് ഇത്രയും ആണ് എൻറെ അനുഭവം.